# കാലത്തിന് വേഗത കൂടുമ്പോൾ

തമ്പി ആന്റണി തെക്കേക്കുറ്റ്

കാലം
പതുക്കെ പതുക്കെ
ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.
കൌമാര കാലങ്ങളിൽ
വയൽ വരമ്പിലൂടെ
നടന്നു പോയ
ഓർമ്മകളിലെങ്ങോ
അവൾക്കെന്നോട്
അനുരാഗമായിരുന്നു
എന്നു തന്നെ
ഞാൻ വിശ്വസിച്ചു
കാലം കടന്ന് കടന്ന്
കാലത്തിനും വേഗത കൂടിക്കൊണ്ടിരുന്നു
മനസ്സുകൾക്ക്
മതിലുകളില്ലാതിരുന്ന
ഒരിടവപ്പാതിയിൽ
മഴ നനഞ്ഞു നടന്നപ്പോൾ
എനിക്കവൾ കുട തന്ന്
കൂട്ടുകാരിയുടെ
കുടക്കീഴിൽ ഒളിച്ചപ്പോൾ
എന്നെ ഒളികണ്ണിട്ടു നോക്കിയതും
എന്നോടുള്ള
പ്രേമമാണെന്ന്
വിശ്വസിച്ചതു പോലും
അന്നായിരുന്നു.
കാലത്തിന്
അപ്പോൾ
വേഗത അൽപ്പം
മന്ദ ഗതിയിലായിരുന്നു
പിന്നീട്
ദൂരെ മരുഭൂമിയിലെ
ഒരു പട്ടണത്തിലെ
യൌവ്വന തീക്ഷ്ണമായ
കാല ഘട്ടങ്ങളിൽ
ക്ഷീണിതനായി ഉറങ്ങിയ
ഏതോ വാരാന്ത്യത്തിൽ
അവൾ
സെൽ ഫോണിൽ

എന്നേ വിളിച്ചുണർത്തി
മെല്ലെയെൻ കാതിൽ
എന്തോ മൊഴിഞ്ഞു
എടോ ഞാൻ മട്ടത്തെടോ
നമുക്ക് പിരിയാമെടോ
ശബ്ദത്തിന്റെ ഇടർച്ചയിൽ
അവൾ കരയുകയായിരുന്നോ?
എന്ന് ഞാൻ
സംശയിച്ചെങ്കിലും
അതു ശരിയല്ലെന്നും
റെയ്ഞ്ച് കുറഞ്ഞതാണെന്നും
ജലദോഷമാണെന്നും
അവൾ പരിഹാസച്ചിരിയോടെ
വീണ്ടും പറഞ്ഞു
എല്ലാ സ്വപ്നങ്ങളും
വെറും സെൽ ഫോണിലൂടെ
ഇറൈസ് ചെയ്തതുപോലെ
ഞാൻ ഉറങ്ങാതെ കിടന്നു
വേഗത
അതി വേഗത്തിലാകുമ്പോൾ
ഏതൊരു വസ്തുവിന്റേയും
ഭാരം കുറയുമെന്ന്
സയൻസ് ക്ലാസ്സിൽ വച്ച്
കൊച്ചു പണിക്കരു സാറു
പറഞ്ഞതോർത്തു
പ്രകാശ വേഗത്തിൽ
ഭാരമേ ഇല്ലാതെ ആകുമെന്നും
അന്നാണ് പഠിച്ചത്
എന്റെ ശരീരവും
മനസ്സു മാത്രമായ്
അശരീരിയായ്
അപ്പൂപ്പൻ താടി പോലെ
അലക്ഷ്യമായി
അന്തരീക്ഷത്തിലൂടെ
അലഞ്ഞലഞ്ഞ്
എങ്ങോട്ടേക്കോ
പറന്നകന്നു
കാലം
അതി വേഗത്തിൽ
അപ്പോഴും
ഓടിക്കൊണ്ടേയിരുന്നു.